(സി-ഇ) മന്ത്രിസഭാതീരുമാനങ്ങൾ മുഖ്യമന്ത്രിയുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നുണ്ട്. സർക്കാർ ഉത്തരവുകൾ ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിൽ ലഭിക്കുന്ന അന്ന് തന്നെ www.kerala.gov.in വെബ്സൈറ്റിൽ GO's എന്ന വിഭാഗത്തിൽ അപ്ലോഡ് ചെയ്യുന്നുണ്ട്. കൂടാതെ പ്രസ്തുത വകുപ്പ് ആരംഭിച്ച ഓൺലൈൻ ന്യൂസ് പോർട്ടലിൽ (kerala.news.gov.in) ഒരു segment ആയി Cabinet brief എന്ന heading-ൽ മന്ത്രിസഭാ തീരുമാനങ്ങൾ നൽകിവരുന്നുണ്ട്.

കാസർഗോഡ് ജില്ലയിലെ ജനസമ്പർക്ക പരിപാടി

25 (3528) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ വിവിധ ഘട്ടങ്ങളിലായി നടത്തിയ ജനസമ്പർക്ക പരിപാടിയിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് എത്ര പേർക്ക് സഹായം നൽകിയിട്ടുണ്ട്,വ്യക്തമാക്കുമോ;

(ബി) സാമ്പത്തിക സഹായത്തിനുള്ള ഉത്തരവ് ഇറങ്ങിയിട്ടും പണം ഇതുവരെ പൂർണ്ണമായി കൊടുക്കാൻ കഴിഞ്ഞിട്ടില്ലാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഈ ഇനത്തിൽ ജില്ലയിൽ എത്ര രൂപ നൽകാനുണ്ടെന്ന് അറിയിക്കാമോ?

ഉത്തരം

(എ) മൂന്നു ഘട്ടങ്ങളിലായി നടത്തിയ ജനസമ്പർക്ക പരിപാടിയിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് നാളിതുവരെ 11,201 പേർക്ക് ധനസഹായം നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) 1,01,40,500 രൂപ (ഒരു കോടി ഒരു ലക്ഷത്തി നാൽപ്പതിനായിരത്തി അഞ്ഞൂറ് രൂപ മാത്രം) നൽകാനുണ്ട്.

മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് കൈകാര്യം ചെയ്യുന്നതിലേയ്ക്കായി പുതിയ സെക്ഷൻ

26 (3529) ശ്രീ. എം. എ. ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ മുഴുവൻ സർക്കാർ ജീവനക്കാരുടെയും മെഡിക്കൽ-റീ-ഇംബേഴ്സ്മെന്റ് കൈകാര്യം ചെയ്യുന്നതിലേയ്ക്കായി സെക്രട്ടേറിയറ്റിൽ ഒരു സെക്ഷൻ മാത്രമാണുള്ളത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അമിത ജോലിഭാരം മൂലം അടിയന്തര സഹായം ലഭിക്കേണ്ട കേസുകൾ പോലും വൈകുന്നത് ഒഴിവാക്കുന്നതിനായി പുതിയ സെക്ഷനുകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) ഇക്കാര്യത്തിൽ നാളിതുവരെ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) അമിത ജോലിഭാരംമൂലം അടിയന്തര സഹായം ലഭിക്കേണ്ട കേസുകൾ വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സ്പോർട്സ് ക്വാട്ട നിയമനം

27 (3530) ശ്രീ. വി. ടി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2010 മുതൽ ഓരോ വർഷവും 50 കായികതാരങ്ങൾക്ക് സ്പോർട്സ് ക്വാട്ടയിൽ നിയമനം നല്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും 2010 മുതൽ എത്ര പേർക്ക് ഇതു പ്രകാരം ജോലി നല്കിയിട്ടുണ്ടെന്നും ഇല്ലെങ്കിൽ ജോലി നല്കുന്നതിനുള്ള തടസ്സമെന്താണെന്നും വിശദമാക്കുമോ;

(ബി) കേരളത്തിൽ നടന്ന ദേശീയ ഗെയിംസിൽ മെഡൽ നേടിയ കായികതാരങ്ങൾക്ക് ജോലി നല്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. സ്പോർട്സ് ക്വാട്ടാ നിയമന പദ്ധതി പ്രകാരം 2010 മുതൽ 2014 വരെയുള്ള 249 ഒഴിവുകളിലേക്ക് അപേക്ഷ ക്ഷണിച്ചുകൊണ്ട് 7-12-2015-ൽ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) 35-ാം ദേശീയ ഗെയിംസിൽ സംസ്ഥാന ടീമിനുവേണ്ടി വ്യക്തിഗതയിനങ്ങളിൽ സ്വർണ്ണം, വെള്ളി, വെങ്കല മെഡലുകൾ നേടിയവരിലും ടീമിനത്തിൽ സ്വർണ്ണമെഡൽ നേടിയവരിലും നിലവിൽ ജോലിയില്ലാത്തവർക്ക് സംസ്ഥാന സർക്കാർ സർവ്വീസിൽ നിയമനം നൽകാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ ടീമിനത്തിൽ വെള്ളി, വെങ്കല മെഡലുകൾ നേടിയവർക്ക് പൊതുമേഖല സ്ഥാപനങ്ങളിൽ ജോലി നൽകുന്നതിന് ശിപാർശ ചെയ്യാനും തീരുമാനിച്ചിട്ടുണ്ട്. നിയമന നടപടികൾ നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly